## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6225 — 09.7.2013-ൽ മറുപടിക്ക്

### വിജിലൻസിനു ലഭിക്കുന്ന ഊമക്കത്തുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) വിജിലൻസിനു ലഭിക്കുന്ന ഊമക്കത്തുകളെ സംബന്ധിച്ച് ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ടോ ; | (എ) 21.12.2012 ലെ സർക്കാർ ഉത്തരവ് നമ്പർ 59/12/വിജി. പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നേരിട്ട് ലഭിക്കുന്ന ഊമപ്പരാതികളിൽ അന്വേഷണം നടത്തുന്നില്ല. ഏതെങ്കിലും പ്രത്യേക ഉദ്യോഗസ്ഥരെ പരാമർശിച്ചുകൊണ്ടുള്ള ഊമപ്പരാതികളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ പോലീസ് സൂപ്രണ്ട്(ഇന്റലിജൻസ്)ന്റെ കീഴിലുള്ള ഇന്റലിജൻസ് വിംഗ് പരിശോധിച്ച് പരാതിയിൽ കഴമ്പുണ്ടെങ്കിൽ സോഴ്സ് ഇൻഫർമേഷൻ റിപ്പോർട്ട് തയ്യാറാക്കി ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവ് വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഊമപ്പരാതികളിന്മേൽ അന്വേഷണം സംബന്ധിച്ചുള്ള നടപടികൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കൈക്കൊള്ളുന്നത്. |
| (ബി) ഇല്ലെങ്കിൽ മുൻകാലങ്ങളിൽ ഊമക്കത്തിന്റെ പേരിൽ നടത്തിവരുന്ന അന്വേഷണങ്ങൾ റദ്ദാക്കുവാനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച്, അന്വേഷണം ആരംഭിച്ച ഊമപ്പരാതികളിന്മേലുള്ള അന്വേഷണ നടപടികൾ റദ്ദാക്കാൻ ഉള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) നിലവിൽ ഇത്തരം ഊമക്കത്തുകളുടെ പേരിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നത് ; വ്യക്തമാക്കുമോ ? | (സി) നിലവിൽ ഊമക്കത്തുകളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നില്ല. |

സെക്ഷൻ ആഫീസർ